**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 648 29.05.2019-ലെ മറുപടിയ്ക്ക്

## കായിക താരങ്ങൾക്ക് സർക്കാർ ജോലി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ. എൻ. ഷംസീർ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ദേശീയ കായിക മത്സരങ്ങളിൽ മെഡലുകൾ ലഭിച്ച കായിക താരങ്ങൾക്ക് സർക്കാർ ജോലി ഉറപ്പാക്കും എന്നുള്ള സംസ്ഥാന സർക്കാറിന്റെ പ്രഖ്യാപനത്തിന്റെ ഭാഗമായി ഇതുവരെ എന്തെല്ലാം നടപടിക്രമങ്ങൾ ആണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണമെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്കായി വിവിധ വകുപ്പുകളിൽ എൽ.ഡി.ക്ലാർക്കിന്റെ 68 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. കൂടാതെ കേരള പോലീസ് സേനയിൽ 65 കായികതാരങ്ങൾക്ക് ഹവിൽദാർ തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്. ദേശീയ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവച്ച 4 കായിക താരങ്ങൾക്ക് ഗസറ്റഡ് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ ടീമംഗമായ കേരള താരം ശ്രീ.സി.കെ.വിനീതിന് പൊതുഭരണ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്. 2017-ൽ ദേശീയ വോളിബോൾ കിരീടം നേടിയ കേരള ടീമംഗം സി.കെ.രതീഷിന് കിൻഫ്രയിൽ ജോലി നൽകിയിട്ടുണ്ട്.<br>കൊൽക്കത്തയിൽ വച്ച് നടന്ന 72-ാമത് സന്തോഷ് ട്രോഫി ഫുട്ബോളിൽ ജേതാക്കളായ കേരള ടീമിലെ ജോലിയില്ലാത്ത 11 ടീമംഗങ്ങൾക്കും കൂടാതെ ഇൻഡോനേഷ്യയിലെ ജക്കാർത്തയിൽ വച്ച് നടന്ന ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്ക് വേണ്ടി |
| (ബി) | ഇതിന്റെ ഭാഗമായി ഇതുവരെ എത്ര കായിക താരങ്ങൾക്ക് സർക്കാർ ജോലി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമാമോ; | | |

| | | | |
|---|---|---|---|
| | | | മെഡൽ നേടിയ കേരളീയ കായികതാരങ്ങൾക്കും സർക്കാർ ജോലി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>വർഷംതോറും മികച്ച 50 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന സ്പോർട്സ് ക്വാട്ട പദ്ധതി പദ്ധതി നിലവിലുണ്ട്. അപ്രകാരം 2010-14 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ അവസാനഘട്ടത്തിലാണ്. 2015, 2016, 2017 കാലയളവിലെ സ്പോർട്സ് ക്വാട്ടാ നിയമനം നടത്തുവാൻ വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>കൂടാതെ മാനസിക പക്വത കൈവരിക്കാത്ത ശ്രീ.ഷൈബൻ.ഇ.ബിയ്ക്ക് 2007-ലെ സ്പെഷ്യൽ ഒളിമ്പിക്സിൽ രാജ്യത്തിനു വേണ്ടി മികച്ച പ്രകടനം കാഴ്ച വച്ചത് കണക്കിലെടുത്ത് ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവു വരുത്തി 2009-ലെ സ്പോർട്സ് ക്വാട്ടാ നിയമനങ്ങളിലെ ടെന്നീസ് വിഭാഗത്തിൽ നികത്തപ്പെടാതെ കിടക്കുന്ന ഒഴിവിൽ ഉൾപ്പെടുത്തി കേരള വാട്ടർ അതോറിറ്റി കോട്ടയം പി.എച്ച്.ഡിവിഷന്റെ കീഴിൽ ഗാർഡനർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (സി) | കായിക താരങ്ങൾക്ക് സർക്കാർ ജോലി ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇതിന്റെ മുൻഗണന ക്രമം എങ്ങനെയാണ് നിഷ്കർഷിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | (സി) | a) അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയിട്ടുള്ള ഒളിമ്പിക്സ്, ലോകകപ്പ്, ലോക യൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് എന്നിവയിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ ഭാരതത്തെ പ്രതിനിധാനം ചെയ്ത ടീമിലെ അംഗമായിരിക്കുകയും വ്യക്തിഗത ഇനങ്ങളിലോ, ടീം ഇനങ്ങളിലോ ഒന്നോ രണ്ടോ മൂന്നോ സ്ഥാനം നേടി വിജയികളാകുകയും ചെയ്തവർ.<br>b) രാജ്യത്തെ പ്രതിനിധാനം ചെയ്ത് |

| | | | |
|---|---|---|---|
| | | | മുകളിൽപ്പറഞ്ഞ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ,<br>c) സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായിക ഇനങ്ങളിൽ പങ്കെടുത്ത് ഒന്നോ, രണ്ടോ, മൂന്നോ സ്ഥാനം നേടി വിജയികളായ കേരള സംസ്ഥാന ടീമിലെ അംഗങ്ങൾ.<br>d) മൗണ്ടനീയറിംഗ്/കളരിപ്പയറ്റ് എന്നീ കായികയിനങ്ങളിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ച അസോസിയേഷനുകൾ നടത്തുന്ന സീനിയർ സംസ്ഥാന മത്സരങ്ങളിൽ വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നാം സ്ഥാനം നേടി വിജയികളായവർ.<br>കേന്ദ്ര · സർക്കാരിലോ സംസ്ഥാന സർക്കാരിലോ പ്രസ്തുത സർക്കാരിലെ പൊതുമേഖലാ സ്ഥാപനങ്ങളിലോ സ്പോർട്സ് ക്വാട്ടാ വഴി നിയമനം ലഭിച്ചവർ അപേക്ഷിക്കാൻ അർഹരല്ല. അപേക്ഷിക്കുന്ന ഓരോ തസ്തികയിലേയ്ക്കും ആവശ്യമായ യോഗ്യത ഉണ്ടായിരിക്കണം. ഉത്തേജക മരുന്നുകളുടെ ഉപയോഗത്തിന്റെ പേരിൽ ശിക്ഷണ നടപടിക്ക് വിധേയരായവരോ, കളികളിൽ നിന്ന് വിലക്ക് കൽപ്പിക്കപ്പെട്ടവരോ ആയ കായികതാരങ്ങൾ സ്പോർട്സ് ക്വാട്ടാ നിയമനത്തിന് അർഹരല്ല.<br>ഓരോ കായിക താരത്തിന്റെയും സ്പോർട്സ്/ ഗെയിംസ് ഇനങ്ങളിൽ കൈവരിച്ച നേട്ടങ്ങൾക്ക് പ്രയോറിറ്റി പോയിന്റ് നിശ്ചയിക്കുകയും അപ്രകാരം ലഭിക്കുന്ന പ്രയോറിറ്റി പോയിന്റിന്റെ അടിസ്ഥാനത്തിൽ റാങ്ക് നിശ്ചയിച്ച് പ്രസ്തുത റാങ്കിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകുകയുമാണ് ചെയ്യുന്നത്. |

**സെക്ഷൻ ഓഫീസർ**